# <u>പത്രക്കുറിപ്പ് (16.02.2017 )</u>

പാസ്പോർട്ട് അന്വേഷണം സംബന്ധമായ മുഴുവൻ പ്രവർത്തികളും തൃശ്ശൂർ സിറ്റി പോലീസ് ഇനി മുതൽ പൂർണ്ണമായും ഡിജിറ്റൽ സംവിധാനം വഴിയാണ് നടത്തുക. പാസ്പോർട്ട് സേവാ കേന്ദ്രത്തിൽ സ്വീകരിക്കുന്ന അപേക്ഷകൾ ഓൺ ലൈൻ അന്നേ ദിവസം തന്നെ ജില്ലാ പോലീസ് ഓഫീസിൽ ലഭിക്കുകയും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസ് മുഖേന അടുത്ത ദിവസം തന്നെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്കും ഓൺ ലൈൻ മുഖാന്തിരം അയക്കുന്ന evip (Electronic Verification Interface for Passport Applications) സംവിധാനം കഴിഞ്ഞ വർഷം മുതൽ തൃശ്ശൂർ സിറ്റി പോലീസ് നടപ്പിലാക്കിയിരുന്നു. ഇതുമൂലം പാസ്പോർട്ട് അപേക്ഷകർക്ക് കേരളാ പോലീസിൻെറ www.e-vip.in എന്ന വെബ് സൈറ്റിലൂടെ പാസ്പോർട്ട് അപേക്ഷയുടെ തൽസ്ഥിതി അറിയുവാനുള്ള സൗകര്യവും ലഭ്യമായിരുന്നു. തുടർന്ന് പാസ്പോർട്ട് അന്വേഷണം മൊബൈൽ അപ്ലിക്കേഷനിലൂടെ നടപ്പിലാക്കുന്ന രീതി വികസിപ്പിച്ചെടുക്കുകയും, പരീക്ഷണാടിസ്ഥാനത്തിൽ ചില പോലീസ് സ്റ്റേഷനുകളിൽ നടപ്പിലാക്കുകയും ആയത് വിജയകരമാണെന്ന് കണ്ടതിനെ തുടർന്ന് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഈ സംവിധാനം നടപ്പിലാക്കുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചതിനെ തുടർന്നാണ് തൃശ്ശൂർ സിറ്റി പോലീസിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളുമായി ബന്ധിപ്പിച്ചുകൊണ്ട് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. ഇതിലൂടെ സംസ്ഥാനത്ത് ആദ്യമായി ഈ സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയ പോലീസ് ജില്ലയായി തൃശ്ശൂർ സിറ്റി പോലീസ് മാറിയിരിക്കുകയാണ്. ഇത് മൂലം പാസ്പോർട്ട് അപേക്ഷകൾ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻെറ ആൻഡ്രോയിഡ് മൊബൈൽ ഫോണിൽ ലഭ്യമാകുകയും, അന്വേഷണം നടത്തി മൊബൈൽ അപ്ലിക്കേഷനിലൂടെ തന്നെ റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയുന്നതിലൂടെ പാസ്പോർട്ട് അന്വേഷണ പ്രക്രിയ ത്വരിതപ്പെടുത്തുവാൻ കഴിയുമെന്നതാണ് ഈ സംവിധാനത്തിൻെറ പ്രധാന നേട്ടം. തൃശ്ശൂർ സിറ്റി ഡി.സി.ആർ.ബി യിലെ പോലീസ് ഉദ്യോഗസ്ഥരായ ഫീസ്റ്റോ, ശ്രീരാഗ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പാസ്പോർട്ട് അന്വേഷണം സമ്പൂർണ്ണ ഡിജിറ്റിലാക്കുന്ന സംവിധാനം വികസിപ്പിച്ചെടുത്തത്. ഇതിനോടനുബന്ധിച്ച് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള 'ടാബ് ലറ്റ് ഫോണുകൾ' ജില്ലാ പോലീസ് മേധാവി നരായണൻ ടി. IPS സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് വിതരണം ചെയ്യുകയും, പാസ്പോർട്ട് അന്വേഷണ സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ച് കൊച്ചിൻ റീജിണൽ പാസ്പോർട്ട് ഓഫീസർ ശ്രീ. പ്രശാന്ത് ചന്ദ്രൻ

IES പോലീസ് ഉദ്യോഗസ്ഥൻമാർക്ക് വിശദമായ ക്ലാസ്സ് നൽകുകയും ചെയ്തു. പൊതുജനങ്ങൾക്കും പോലീസ് ഉദ്യോഗസ്ഥൻമാർക്കും നൽകുന്ന സേവന സംബന്ധമായ വിവരങ്ങൾ 9497962692 എന്ന മൊബൈൽ നമ്പറിലൂടെ നൽകുന്ന ഏക ജാലക സംവിധാനവും തൃശ്ശൂർ സിറ്റി പോലീസിൽ നിലവിലുണ്ട്.



പാസ്സ്പോർട്ട് വെരിഫിക്കേഷൻ ഓൺ ലൈനായി നടത്തുന്നതിനുള്ള 'ടാബ് ലെറ്റ് ഫോൺ' വിതരണത്തിന്റെ ഉദ്ഘാടനം തൃശ്ശൂർ സിറ്റി പോലീസ് മേധാവി ശ്രീ. നാരായൺ. ടി IPS തൃശ്ശൂർ വെസ്റ്റ് സബ്ബ് ഇൻസ്പെക്ടർ ശ്രീമതി പി.വി. സിന്ധുവിന് നൽകികൊണ്ട് നിർവ്വഹിക്കുന്നു.

Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.